(ബി) വ്യാപ്തി 2.57.27 ഹെക്ടർ. പാരിസ്ഥിതികാഘാതം സംബന്ധിച്ച് പഠനമൊന്നും നടത്തിയിട്ടില്ല.

(സി) ബാധിക്കപ്പെട്ട കക്ഷികളെക്കൂടി നേരിൽ കേട്ടശേഷം പുറംപോക്ക് തോട് പൂർവ്വ സ്ഥിതിയിലാക്കാൻ വേണ്ട നടപടി സ്വീകരിക്കുവാനാണ് കോടതി നിർദ്ദേശിച്ചിട്ടുള്ളത്. ഇതുമായി ബന്ധപ്പെട്ട പിരിവ് എ-യിൽ സൂചിപ്പിച്ചിട്ടുള്ള രീതിയിൽ പ്രശ്നങ്ങൾ പരിഹരിച്ച് കോടതി ഉത്തരവ് നടപ്പിലാക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

ശ്രീ. കൃഷ്ണൻനായർ തിരുവനന്തപുരം താലൂക്കാഫീസിൽ നൽകിയ ഫയൽ

160 (1216) ശ്രീ. ടി. യു. കരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ തിരുവനന്തപുരം താലൂക്കിൽ ഉളിയാഴ്ത്തുറ വില്ലേജിൽ കുഴിക്കാട്ടു കോണത്തു വീട്ടിൽ ശ്രീ. കൃഷ്ണൻ നായർ, തിരുവനന്തപുരം താലൂക്ക് ഓഫീസിൽ നൽകിയ LRM1/58671/13 നമ്പർ ഫയലിൽ എന്തെല്ലാം നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത ഫയലിൽ തീർപ്പുകൽപ്പിക്കാൻ താമസം നേരിടുന്നതിന്റെ കാരണം വ്യക്തമാക്കാമോ ;

(സി) ഈ ഫയലിൽ ഉടനടി തീരുമാനം കൈക്കൊണ്ട് പരാതിക്കാരന്റെ കാത്തിരിപ്പ് അവസാനിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ : ഇത് എത്ര ദിവസത്തിനകം തീർപ്പുകൽപ്പിക്കുവാൻ കഴിയും എന്ന് വ്യക്തമാക്കാമോ ;

(ഡി) ഈ ഫയൽ സംബന്ധിച്ച് ഉളിയാഴ്ത്തുറ വില്ലേജ് ഓഫീസർ സമർപ്പിച്ച LRM1/60191/14 dated 17/x/2014-ൽ സമർപ്പിച്ചിട്ടുള്ള റിപ്പോർട്ടിന്റെ കോപ്പി ലഭ്യമാക്കാമോ; ഈ ഫയലിൽ എന്തെല്ലാം നടപടിക്രമങ്ങളാണ് ബാക്കിയുള്ളത് എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) അപേക്ഷയിന്മേൽ ഉളിയാഴ്ത്തുറ വില്ലേജാഫീസിൽ നിന്നും റിപ്പോർട്ട് ലഭ്യമാക്കുകയും തുടർന്ന് സർവേ നടപടികൾ നടന്നുവരുന്നതുമാകുന്നു.

(ബി) പട്ടം എസ്.ആർ.ഒ-യിലെ 2669/51-ാം നമ്പർ ഭാഗപത്ര പ്രകാരം ഒന്നാം നമ്പർ പട്ടിക വസ്തുവിന്മേൽ അവകാശം ആർക്ക് നൽകണമെന്നത് വ്യക്തമല്ലാതിരുന്നതാണ് കാലതാമസം നേരിടുന്നതിന്റെ കാരണം.

LIBRARY ARCHIVES Kerala Legislative Assembly

(സി) വില്ലേജാഫീസറിൽ നിന്നും ലഭ്യമായ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഫയൽ സർവ്വേയർക്ക് കൈമാറി, സർവേ പൂർത്തിയാകുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

(ഡി) റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി വയ്ക്കുന്നു.* പ്രസ്തുത ഫയലിൽ സർവ്വേ നടപടികൾ പൂർത്തിയാക്കേണ്ടതുണ്ട്. തുടർന്ന് അവകാശം തെളിയിക്കുന്ന മുറയ്ക്ക് നടപടി തീർപ്പുകൽപ്പിക്കാവുന്നതുമാണ്.

റവന്യൂ റിക്കവറി നടപടികൾക്ക് സ്റ്റേ

161 (1217) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ കാലത്ത് ഓരോവർഷവും റവന്യൂ റിക്കവറി നടപടികൾക്ക് റവന്യൂ വകുപ്പുമന്ത്രി നൽകിയ സ്റ്റേ ഉത്തരവുകൾ എത്രയാണെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഇവയിൽ അഞ്ചുലക്ഷത്തിൽക്കൂടുതൽ രൂപ റിക്കവറി നടത്താനുള്ളവ എത്രയായിരുന്നു ;

(സി) റവന്യൂ വകുപ്പ് നൽകിയ സ്റ്റേ ഉത്തരവുകൾ വഴി എത്ര കോടി രൂപയുടെ റിക്കവറി നടപടികൾ ഇപ്പോൾ തടസ്സപ്പെട്ടിട്ടുണ്ട് ;

(ഡി) 17-9-2014-നുശേഷം റവന്യൂ വകുപ്പുമന്ത്രി എത്ര റവന്യൂ റിക്കവറി നടപടികൾക്ക് സ്റ്റേ നൽകുകയോ, തവണകളായി അടയ്ക്കാൻ ഉത്തരവ് നൽകുകയോ ചെയ്തിട്ടുണ്ട് ?

ഉത്തരം

(എ)

വർഷം	എണ്ണം
2011	1254
2012	1452
2013	1425
2014	1211

(ബി) 384 എണ്ണം.

(സി) 62,66,72,046 രൂപ.

(ഡി) 152 എണ്ണം.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly